(സി) പ്രഖ്യാപിത ബഡ്ജറ്റിന് പുറത്തുള്ള അധിക ചെലവും, വരുമാനത്തിലെ കുറവും ഏതെല്ലാം നിലയിൽ പരിഹരിക്കാനുദ്ദേശിക്കുന്നു ; പ്ലാൻ കട്ട് എത്ര ശതമാനമായിരിക്കുമെന്നും പ്രഖ്യാപിത പദ്ധതികൾ ഏതെല്ലാം ഒഴിവാക്കപ്പെടുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സർക്കാർ കൈക്കൊണ്ട നയപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ വരുമാനത്തിൽ സാരമായ കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

(സി) പ്രഖ്യാപിത ബഡ്ജറ്റിനുള്ളിൽ മുൻഗണനാക്രമത്തിൽ ചെലവുകൾ പുനഃക്രമീകരിച്ചും വിഭാവനം ചെയ്തിട്ടുള്ള അധിക വിഭവ സമാഹരണ നടപടികൾ ഊർജ്ജിതപ്പെടുത്തിയുമാണ് പദ്ധതി നിർവ്വഹണം ഉദ്ദേശിക്കുന്നത്. പദ്ധതി ചെലവിൽ കുറവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാന ബഡ്ജറ്റിലൂടെ ചെലവഴിക്കാനുള്ള കേന്ദ്ര പദ്ധതികൾ

169 (509) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഓഫ് ഇന്ത്യ 2014-15-ലെ സംസ്ഥാന ബഡ്ജറ്റിലൂടെ ചെലവഴിക്കാനുള്ള നിർദ്ദേശത്തോടെ ഏതെല്ലാം പദ്ധതികളുടെ എത്രയുകവീതം സംസ്ഥാനത്തിന് റിലീസ് ചെയ്ത് തന്നിട്ടുണ്ട്, കേന്ദ്ര പദ്ധതിയും തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇപ്രകാരം ലഭിച്ച മൊത്തം തുകയിൽ സംസ്ഥാന ഗവൺമെന്റ് ഇതിനകം ചെലവഴിച്ച തുക എത്ര, അവശേഷിച്ച തുക എത്ര ;

(സി) സംസ്ഥാനത്തിന് റിലീസ് ചെയ്ത തന്നിട്ടുള്ള തുകയിൽ സംസ്ഥാനം നാളിതുവരെ ഒന്നും ചെലവ് ചെയ്തിട്ടില്ലാത്ത പദ്ധതികളും തുകകളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന ബജറ്റിലൂടെ അതേ ഉദ്ദേശ്യത്തിന് തന്നാണ്ടിൽതന്നെ പണം ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് ലാപ്സാകുമോ ;

(ഇ) കേന്ദ്രം നൽകിയ പണം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം വക മാറ്റി ചെലവഴിക്കുകയുണ്ടായിട്ടുണ്ടോ, വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ് മാസം വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി റിലീസ് ചെയ്ത തുകയുടെ വിശദാംശം അനുബന്ധം 'എ'യിൽ ചേർക്കുന്നു.*

(ബി) താൽക്കാലിക കണക്ക് പ്രകാരം (27-11-2014 വരെ) 739.87 കോടി രൂപ ചെലവഴിച്ചിട്ടുള്ളതും, 1993.66 കോടി രൂപ അവശേഷിക്കുന്നതുമാകുന്നു.

(സി) സംസ്ഥാനത്തിന് റിലീസ് ചെയ്തതനുസരിച്ചുള്ള തുകയിൽ സംസ്ഥാനം നാളിതുവരെ ഒന്നും ചെലവ് ചെയ്തിട്ടില്ലാത്ത പദ്ധതികളും തുകകളും സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി'യിൽ ചേർക്കുന്നു.*

(ഡി&ഇ) ഇല്ല

കേന്ദ്ര സഹായം

170 (510) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽനിന്നും നികുതികളുടെ വിഹിതം, ഗ്രാന്റ്സ് ഇൻ എയ്ഡ്, തുടങ്ങി ഏതെല്ലാം ഇനങ്ങളിലാണ് സാമ്പത്തിക സഹായം ലഭിക്കാൻ അർഹതയുള്ളത് ; അവ ഓരോന്നും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഇക്കഴിഞ്ഞ 5 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ഇനത്തിൽ എത്രയുക വീതം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകിയിട്ടുണ്ട് ; ഇനം തിരിച്ച് വിശദമാക്കാമോ ; തന്നാണ്ടിൽ ഇതിനകം ലഭിച്ച തുക ഏതെല്ലാം ഇനത്തിൽ എത്ര വീതം ;

(സി) കേന്ദ്രം പിരിച്ചെടുക്കുന്ന ഏതെങ്കിലും നികുതിയുടെ വിഹിതം

LIBRARY ARCHIVES Kerala Legislative Assembly